**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1699** **08-10-2021 - ൽ മറുപടിയ്ക്ക്**

**ദ മെയ്റ്റനൻസ് ആൻഡ് വെൽഫയർ ഓഫ് പേരെന്റ്സ് ആൻഡ് സീനിയർ സിറ്റിസൺസ് ആക്റ്റ് 2007 പ്രകാരമുള്ള പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ദ മെയ്റ്റനൻസ് ആൻഡ് വെൽഫയർ ഓഫ് പേരെന്റ്സ് ആൻഡ് സീനിയർ സിറ്റിസൺസ് ആക്റ്റ് 2007 പ്രകാരം കേരളത്തിൽ രൂപീകൃതമായ ട്രൈബ്യൂണലുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ ആക്റ്റിലെ വ്യവസ്ഥകളിൽ പരാമർശിക്കുന്ന കാലപരിധിക്കുള്ളിൽ തീർപ്പുകൽപ്പിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | (എ) ടിബ്യൂണലുകളിൽ ലഭിക്കുന്ന എല്ലാ പരാതികളിന്മേലും ആക്റ്റിലെ വ്യവസ്ഥകളിൽ പരാമർശിക്കുന്ന കാലപരിധിക്കുള്ളിൽ തീർപ്പാക്കാൻ സാധിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് മെയിന്റനൻസ് ട്രൈബ്യൂണലുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനു റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. COVID-19 വ്യാപന പശ്ചാത്തലത്തിൽ വയോജനങ്ങൾക്ക് റിവേഴ്സ് ക്വാറന്റൈൻ നിഷ്കർഷിച്ചിരിക്കുന്നതിനാൽ ടി വിഭാഗത്തിനു നേരിട്ട് ട്രൈബ്യൂണലുകളിൽ ഹാജരാകാൻ സാധിക്കാത്ത സാഹചര്യം നിലനില്ക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ട്രൈബ്യൂണലുകളിൽ പരാതികൾ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നുവെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | (ബി)വയോജനങ്ങൾ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ സമർപ്പിക്കുന്ന പരാതികളിൽ ഫലപ്രദമായ രീതിയിൽ നടപടികൾ കൈക്കൊള്ളുകയും, കേസുകളിന്മേൽ തീർപ്പ് കല്പിക്കുന്നതിനുമായി 2018 മുതൽ 27 മെയിന്റനൻസ് ട്രൈബ്യൂണലുകളിലായി ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരുടേയും ഒരു സ്റ്റേറ്റ് കോർഡിനേറ്ററുടേയും സേവനം വകുപ്പ് ലഭ്യമാക്കിയിരുന്നു. നടപ്പുവർഷവും പ്രസ്തുത പദ്ധതി തുടർന്ന് വരുന്നുണ്ട്. രണ്ടു വർഷത്തോളമായി വയോജനങ്ങൾക്ക് നേരിട്ട് ട്രൈബ്യൂണലുകളിൽ ഹാജരാകാൻ സാധിക്കാത്ത സാഹചര്യം നിലനില്ക്കുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഓൺലൈൻ പ്ലാറ്റ് ഫോം ഉപയോഗിച്ചും, ടെലഫോൺ മുഖാന്തിരവും നടപടികൾ കൈക്കൊള്ളാൻ എല്ലാ ട്രൈബ്യൂണലുകൾക്കും നിർദ്ദേശം നൽകുകയും ആയത് പ്രകാരം നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. പെൻഡിംഗ് കേസുകൾ തീർപ്പാക്കാൻ അദാലത്തുകൾ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുന്നതിനായി എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകുകയും ആയതിന് പ്രത്യേക ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നതിനായി എല്ലാ റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും പ്രത്യേക നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസുകൾ തീർപ്പാക്കാൻ അദാലത്തുകൾ ഉൾപ്പെടെ മേൽ പ്രകാരമുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ